**കാലിക്കറ്റ് സർവ്വകലാശാല**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വിഭാഗം**
**പത്രക്കുറിപ്പ്**

**2010 ജൂൺ 21**

**വൈവ-വോസി**

ഏപ്രിലിൽ നടത്തിയ എം.എ. ഇംഗ്ലീഷ് ഫൈനൽ റഗുലർ/സപ്ലിമെന്ററി (നോൺ സെമസ്റ്റർ) പരീക്ഷയുടെ വൈവ ജൂൺ 28 ന് ആരംഭിക്കും.

975/10/പി.ആർ

**ബി.ടി.എ. അപേക്ഷാതിയ്യതി നീട്ടി**

തൃശ്ശൂർ ഡോ. ജോൺ മത്തായി സെന്ററിൽ 2010-11 വർഷത്തേക്കുള്ള ബി.ടി.എ. പ്രവേശനത്തിനുള്ള അപേക്ഷ ലഭിക്കുന്നതിനും സ്വീകരിക്കുന്നതിനുമുള്ള തിയ്യതി ജൂൺ 30 വരെ നീട്ടി.

976/10/പി.ആർ

**ഗാന്ധി പീസ് സ്റ്റഡീസിൽ ബിരുദാനന്തര ബിരുദ കോഴ്സ്**

കാലിക്കറ്റ് സർവ്വകലാശാല ചെയർ ഫോർ ഗാന്ധിയൻ സ്റ്റഡീസ് ആന്റ് റിസർച്ച്, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ (ഇഗ്നോ) അക്കാദമിക് പങ്കാളിത്തത്തോടെ ഈ അദ്ധ്യയന വർഷം മുതൽ ഗാന്ധി പീസ് സ്റ്റഡീസിൽ എം.എ. റഗുലർ കോഴ്സ് ആരംഭിക്കുന്നു. 'ഇഗ്നോ' ആവിഷ്കരിച്ചിട്ടുള്ള സിലബസ്സും സ്കീമും അനുസരിച്ചുള്ള കോഴ്സിന്റെ റഗുലർ ക്ലാസുകൾ കാലിക്കറ്റ് സർവ്വകലാശാല ക്യാംപസ്സിലാണ് നടത്തപ്പെടുക. രണ്ട് വർഷക്കാലയളവിൽ നാല് സെമസ്റ്ററുകളായി നടത്തപ്പെടുന്ന ഈ കോഴ്സിന്റെ പരീക്ഷകൾ നടത്തുന്നതും ഡിഗ്രികൾ നൽകുന്നതും ഇഗ്നോ ആയിരിക്കും. പ്രവേശനരീതി, യോഗ്യത, ഫീസ്, ഫീസിളവ്, റിസർവേഷൻ തുടങ്ങിയ കാര്യങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിലെ വ്യവസ്ഥകളായിരിക്കും ബാധകമാകുക. ഉന്നത പഠനം, ഗവേഷണം, അന്തർദേശീയബന്ധങ്ങൾ, രാഷ്ട്രീയ നേതൃത്വം, സാമൂഹിക സേവനം, ദേശീയ അന്തർദേശീയ സന്നദ്ധസംഘടനകളിൽ ജോലി എന്നീ കാര്യങ്ങളിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ഈ ബിരുദാനന്തര ബിരുദ കോഴ്സ് ഏറെ പ്രയോജനകരമാണ്.

അപേക്ഷാഫോം ഈ മാസം 25 മുതൽ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി കാലിക്കറ്റ് സർവ്വകലാശാല ക്യാംപസ്സിൽ പ്രവർത്തിക്കുന്ന ചെയർ ഫോർ ഗാന്ധിയൻ സ്റ്റഡീസ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷാഫോം തപാലിൽ വേണ്ടവർ കോ-ഓഡിനേറ്റർ, ചെയർ ഫോർ ഗാന്ധിയൻ സ്റ്റഡീസ് ആന്റ് റിസർച്ച്, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ. -673635, ഫോൺ: 0494 2400350. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 15 നകം സമർപ്പിക്കണം.

977/10/പി.ആർ

**എം.എ. കംപാരറ്റീവ് ലിറ്ററേച്ചർ അപേക്ഷ ക്ഷണിച്ചു**

കാലിക്കറ്റ് സർവ്വകലാശാല കാമ്പസ്സിലുള്ള കംപാരറ്റീവ് ലിറ്ററേച്ചർ വിഭാഗത്തിൽ ഈ അദ്ധ്യയന വർഷത്തേക്ക്, കംപാരറ്റീവ് ലിറ്ററേച്ചർ എം.എ. റഗുലർ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ 45 % മാർക്കോടെ ബി.എ./ബി.എസ്.സി. ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗത്തിൽപെട്ടവർക്ക് നിയമാനുസൃതം മാർക്കിളവ് ലഭിക്കും. അപേക്ഷാഫോമിന് സർവ്വകലാശാല റഷ്യൻ ആന്റ് കംപാരറ്റീവ് ലിറ്ററേച്ചർ വിഭാഗവുമായി ബന്ധപ്പെടുക. ഫോൺ: 0494-2401144 * 250, 9349068490. അപേക്ഷാഫോം സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

978/10/പി.ആർ

**********